2011-12 - 18,12,84,881/-

2012-13 - 19,12,71,693/-

2013-14 - 18,64,34,119/-

2014-15 - 23,99,83,707/-

2015-16 - 24,37,28,311/-

(31-1-2016 വരെ)

(ബി) ഫയൽ ബോർഡുകൾ മാത്രം അംഗീകൃത സൊസൈറ്റികളിൽനിന്നും ഖാദി ബോർഡ് യൂണിറ്റുകളിൽനിന്നും നേരിട്ട് വാങ്ങാറുണ്ട്. ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

അനധികൃത റിസോർട്ടുകൾ

245 (T1623) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ പള്ളിവാസൽ പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി. നിർമ്മിച്ച റോഡിന് ഇരുവശവുമുള്ള മലനിരകളിൽ അനധികൃതമായി റിസോർട്ടുകൾ ഉൾപ്പെടെ കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതീവ പരിസ്ഥിതി പ്രാധാന്യമുള്ള മലഞ്ചെരുവുകളിൽ നിയമ വിരുദ്ധമായി നിർമ്മാണ അനുമതി നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ഇവിടെ നടക്കുന്ന നിർമ്മാണങ്ങൾ തടയണമെന്ന് മൂന്നാർ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടും ഫലമുണ്ടായില്ലായെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത സ്ഥലത്ത് അനധികൃതമായി നിർമ്മിച്ച ഒരു റിസോർട്ട് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊളിച്ചുമാറ്റിയിട്ടുണ്ട്.

(ബി&സി) മൂന്നാർ പ്രദേശത്ത് അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അവയ്ക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുവാൻ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly